കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



# കിണറ്റിൻകരയിലെ സ്ത്രീ

എഴുതിയത് : Edward Hughes

ഉദാഹരണം : Lazarus

അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയുതത് : Rev. Benny Alastair Paterson

നിർമ്മിച്ചത് : Bible for Children
www.M1914.org

©2020 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

യേശുവും ശിഷ്യന്മാരും ശമര്യയിൽകൂടി കടന്നുപോവുകയായിരുന്നു. അങ്ങനെ അവർ സുഖാർ എന്നൊരു പട്ടണത്തിലെത്തി.



അവിടെ ഒരു കിണർ ഉായിരുന്നു. സുഖാറിലെ ജനങ്ങൾ അതിലെ വെള്ളമാണു കുടിച്ചിരുന്നത്. യിസ്രായേൽ മക്കളുടെ പിതാവായ യാക്കോബ് വർഷങ്ങൾക്കുമുമ്പു കുഴിച്ചതാണ് ഈ കിണർ.



ഉച്ചയ്ക്കു മുമ്പുള്ള ആ സമയം
വെയിൽ ഉള്ളതും ചൂടുള്ളതും ആയിരുന്നു.
തന്റെ ശിഷ്യന്മാർ ഭക്ഷണസാധനങ്ങൾ
വാങ്ങിക്കുവാൻ പട്ടണത്തിൽ പോയപ്പോൾ
യേശു ക്ഷീണിതനായി
അവിടെയിരുന്നു.





യേശു അവിടെ തനിച്ചായിരുന്നു. പക്ഷേ അല്പനേരത്തേക്കു മാത്രം. സുഖാർവാസിയായ ഒരു സ്ത്രീ വെള്ളം കോരുവാൻ അവിടെ വന്നു. “എനിക്ക് കുടിപ്പാൻ തരിക” യേശു അവളോട് പറഞ്ഞു.



സ്ത്രീ ആശ്ചര്യപ്പെട്ടു. “യഹൂദനായ നീ ഒരു ശമര്യ സ്ത്രീയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നതെന്ത്?” അവൾ ചോദിച്ചു. അക്കാലത്ത് യഹൂദന്മാർ ശമര്യരുമായി യാതൊരു സമ്പർക്കവും പുലർത്തിയിരുന്നില്ല!

“ഞാൻ ആരാണെന്ന് നീ അറിഞ്ഞിരുന്നെങ്കിൽ നീ എന്നോട് ജീവജലം ചോദിക്കുമായിരുന്നു” എന്ന് യേശു പറഞ്ഞപ്പോൾ സത്യത്തിൽ ആ സ്ത്രീ അധികം ആശ്ചര്യപ്പെട്ടു.



അവൾ
യേശുവിനോട്
പറഞ്ഞു;
“യജമാനനേ,
കോരുവാൻ
ഒന്നുമില്ല. കിണറ്
ആഴമുള്ളതും
ആകുന്നു.



പിന്നെ നിനക്ക്
എവിടെ നിന്നു
ജീവനുള്ള
വെള്ളം കിട്ടും?
ഞങ്ങൾക്ക് ഈ
കിണർ നല്‍കിയ
ഞങ്ങളുടെ പിതാവായ
യാക്കോബിനെക്കാളും
നീ വലിയവനാണോ....?”





“ഈ വെള്ളം കുടിക്കുന്നവനൊക്കെയും പിന്നെയും ദാഹിക്കും.” യേശു അവളോട് പറഞ്ഞു. യേശു തുടർന്നു, “ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല.



ഞാൻ കൊടുക്കുന്ന വെള്ളം ...
അവനിൽ നിത്യജീവങ്കലേക്കു
പൊങ്ങി വരുന്ന
നീരുറവയായിത്തീരും.”
സ്ത്രീ അവനോട് “ആ
വെള്ളം എനിക്ക്
തരേണം”
എന്നുപറഞ്ഞു.

പോയി ഭർത്താവിനെ വിളിച്ചുകൊാുവരിക എന്നു യേശു അവളോട് പറഞ്ഞപ്പോൾ, “എനിക്ക് ഭർത്താവില്ല” എന്ന് അവൾ മറുപടി പറഞ്ഞു. യേശു അവളോടു “നിനക്ക് അഞ്ച് ഭർത്താക്കന്മാർ ഉായിരുന്നു. ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല” എന്ന് ഉത്തരം പറഞ്ഞു.



യേശു ഒരു പ്രവാചകനായിരുന്നു എന്നു സ്ത്രീ തിരിച്ചറിഞ്ഞു. എവിടെ ദൈവത്തെ ആരാധിക്കണം എന്നതിനെക്കുറിച്ച് അവനിൽനിന്ന് കേൾക്കുവാൻ സ്ത്രീ ശ്രമിച്ചു.



അത് യെരൂശലേമിലാണോ അതോ ശമര്യരുടെ വിശുദ്ധ മലകളിലാണോ? അവൾ ചോദിച്ചു. സത്യനമസ്കാരികൾ പിതാവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കേണം എന്നു യേശു അവളോട് പറഞ്ഞു.



യേശുവിനോട് അവൾ “മശിഹാ വരുന്നു എന്ന് ഞാൻ അറിയുന്നു, അവൻ വരുമ്പോൾ നമുക്ക് സകലതും അറിയിച്ചുതരും” എന്ന് പറഞ്ഞപ്പോൾ “നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മശിഹ” എന്ന് യേശു ഉത്തരം പറഞ്ഞു, അപ്പോഴേക്കും ശിഷ്യന്മാർ വന്നിരുന്നു.



ആ സ്ത്രീയാകട്ടെ, തന്റെ വിലയേറിയ വെള്ളപ്പാത്രം അവിടെ കിണറ്റിൻ കരയിൽ വെച്ചിട്ടു പട്ടണത്തിലേക്ക് തിരിച്ചുപോയി.



“ഞാൻ ചെയ്തത് ഒക്കെയും എന്നോട്
പറഞ്ഞ ഒരു മനുഷ്യനെ
വന്നുകാൺമിൻ,
അവൻ പക്ഷേ
ക്രിസ്തു
ആയിരിക്കുമോ”
...



... എന്ന് അവൾ സുഖാറിലെ ജനങ്ങളോട് പറഞ്ഞപ്പോൾ യേശുവിനെ നേരിട്ടു കാണേതിന് അവർ പുറപ്പെട്ടു അവന്റെ അടുക്കൽ വന്നു.



ഇതിനിടയിൽ ശിഷ്യന്മാർ യേശുവിനോടു ഭക്ഷിക്കുവാൻ ആവശ്യപ്പെട്ടു. അതിന് യേശു “എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം” എന്നു പറഞ്ഞു.



ദൈവത്തിങ്കലേക്ക് ആളുകളെ കൊു
വരുന്നതാണ് അവന്റെ പ്രവൃത്തി.



ആ സ്ത്രീയുടെ വാക്കു മൂലം ധാരാളം ശമര്യാക്കാർ യേശുവിൽ വിശ്വസിച്ചു. തങ്ങളോടു കൂടെ പാർക്കേണമെന്ന് അവർ ആവശ്യപ്പെട്ടപ്രകാരം യേശു അവിടെ രുദിവസം താമസിച്ചു.



യേശുവിന്റെ വാക്കു കേട്ട് പിന്നെയും ധാരാളം പേർ വിശ്വസിച്ചു. അവർ പറഞ്ഞു, “...ഞങ്ങൾ തന്നേ കേൾക്കയും



അവൻ സാക്ഷാൽ ലോക രക്ഷിതാവ് എന്നു അറികയും ചെയ്തിരിക്കുന്നു.”

കിണറ്റിൻകരയിലെ സ്ത്രീ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യോഹന്നാൻ 4

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ
വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ
ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ
എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം
നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക്
വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ
മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട്
സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16